DISPATCHED
05/03/2020

6/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം


തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic.ker@nic.in


ഹർജി നമ്പർ **CP 523(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.5991/SIC-Gen5/2015**

**സന്നിഹിതൻ**

**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ബാലചന്ദ്രക്കുറുപ്പ് ജെ.,<br>കൊഞ്ചിറ വീട്,<br>നെടുംപറമ്പ് പി.ഒ., വടകോട്ട്കാവ്,<br>ആലംകോട്, തിരുവനന്തപുരം – 695 102. | പരാതി ഹർജിക്കാരൻ |
| ഡെപ്യൂട്ടി ജനറൽ മാനേജർ,<br>തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്<br>ക്ലിപ്തം, ഹെഡ് ഓഫീസ്,<br>തിരുവനന്തപുരം . 695 023 | എതിർകക്ഷി |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 26.2.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.5.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.4.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 21.4.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15.5.2014 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.5.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 6.2.2020, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി സ്ഥാപനത്തിന്റെ പ്രതിനിധി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ബാലചന്ദ്രക്കുറുപ്പ് ജെ., കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, എതിർകക്ഷി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നാണെന്നും ആയത് പരിശോധിച്ച് ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ കരവാരം വില്ലേജിൽ ബ്ലോക്ക് 39-ൽ റീസർവ്വെ നമ്പർ 224/12 ൽപ്പെട്ട വസ്തു തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ഈടു നൽകി ലോൺ എടുത്തിട്ടുള്ളത് ഏതെല്ലാം റവന്യു രേഖകൾ ഹാജരാക്കിയാണ് എന്നും ആയതിന്റെ പകർപ്പുകൾ നൽകണമെന്നും

ii. വെറും ഒരു ആധാരം മാത്രം ഹാജരാക്കിയാൽ ജില്ലാ സഹകരണ ബാങ്ക് ലോൺ അനുവദിക്കുമോ എന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 2013 ലെ സിവിൽ അപ്പീൽ നമ്പർ 9017 കേസിൽ ബഹു: സുപ്രീം കോടതി, കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ പബ്ലിക് അതോറിറ്റി എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരില്ലെന്നും ആയതിനാൽ അവയ്ക്ക് വിവരാവകാശ നിയമം ബാധകമല്ലെന്നും വ്യക്തിമാക്കിയിട്ടുള്ളതാണെന്നും ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകാൻ നിർവ്വാഹമില്ലെന്നും മറ്റുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി സ്ഥാപനത്തിന്റെ പ്രതിനിധി ബോധിപ്പിച്ചത്, മേൽപ്പടി സ്ഥാപനം ഗവൺമെന്റിൽ നിന്നും യാതൊരു ഗ്രാന്റും ഫണ്ടും സ്വീകരിക്കാതെ അംഗങ്ങളുടെ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്നതാണെന്നും പരാമർശിത സുപ്രീം കോടതി വിധി പ്രകാരം മേൽപ്പടി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത സഹകരണ സ്ഥാപനം ആണെന്നു കാണുന്നു. മേൽപ്പടി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനമാണെന്നു സ്ഥാപിക്കുന്ന യാതൊന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുമില്ല. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 6-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk